# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4291 21/03/2018 ൽ മറുപടിയ്ക്ക്

### സർക്കാർ ഓഫീസുകളിലെ ഫയൽ നീക്കം

ചോദ്യം
ശ്രീ. പി.കെ.ശശി.

ഉത്തരം
പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സെക്രട്ടേറിയറ്റ് ഇതര സർക്കാർ സ്ഥാപനങ്ങളിലെ ഫയൽ നീക്കം ത്വരിതപ്പെടുത്താനും എം.ഒ.പി പ്രകാരമുള്ള ഫയൽ തീർപ്പാക്കൽ ഉറപ്പുവരുത്താനും സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ ; | (എ) | എം.ഒ.പി പ്രകാരമുള്ള ഫയൽ തീർപ്പാക്കൽ ഉറപ്പുവരുത്തുന്നതിനായി ഫയൽ അദാലത്ത് നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഫയൽനീക്കം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പരിശോധനയ്ക്കുമായി ഇ-ഓഫീസ് നടപ്പിലാക്കിവരുന്നു.കൂടാതെ സേവനാവകാശനിയമം പാലിക്കുന്നുണ്ട്; പേഴ്സണൽ രജിസ്റ്ററുകളുടെ പരിശോധന,ഇന്റേണൽ ഓഡിറ്റ് വിംഗിന്റെ പരിശോധന, പ്രതിമാസ പ്രവർത്തന പട്ടിക സമർപ്പിക്കൽ എന്നിവ കർശനമാക്കിയിട്ടുണ്ട്. എം.ഒ.പിയിൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള പരിശോധനകൾ നടത്തി ഫയൽ നീക്കം യഥാവിധി ഉറപ്പുവരുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | സെക്രട്ടേറിയറ്റ് ഇതര സർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഓഫീസിലെ സമയനിഷ്ഠ ഉറപ്പുവരുത്താനും, ജോലിയ്ക്ക് ഹാജരാകുന്നവർ യഥാസമയം സീറ്റുകളിൽ ഉണ്ട് എന്നത് ഉറപ്പുവരുത്താനും അവരുടെ അവധികൾ നിരീക്ഷിക്കാനും ഈ സർക്കാർ സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ ; | (ബി) | എം.ഒ.പി അനുശാസിക്കുന്ന വിധം ഹാജർ പുസ്തകവും അവധി രജിസ്റ്ററും, മൂവ്മെന്റ് രജിസ്റ്ററും സൂക്ഷിച്ചുകൊണ്ട് ജീവനക്കാരുടെ സമയനിഷ്ഠ ഉറപ്പുവരുത്തുന്നു. പഞ്ചിംഗ് ഉള്ള ഓഫീസുകളിൽ പഞ്ചിംഗ് സ്റ്റേറ്റ്മെന്റും അറ്റൻഡൻസ് രജിസ്റ്ററും ഒത്തുനോക്കി പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. ജീവനക്കാർ യഥാസമയം സീറ്റുകളിൽ ഉണ്ട് എന്ന് ഉറപ്പുവരുത്താൻ വകുപ്പുതലത്തിലുള്ള ഉദ്യോഗസ്ഥർ മിന്നൽ പരിശോധന നടത്താറുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഓരോ വകുപ്പിന്റെ കീഴിലുള്ള സെക്രട്ടേറിയറ്റ് ഇതര സർക്കാർ ഓഫീസുകളിൽ തീർപ്പാക്കാനായുള്ള ഫയലുകളുടെ എണ്ണം എത്ര എന്നും ഈ സർക്കാർ കാലയളവിൽ ഇത്തരം കാര്യങ്ങളിൽ വിജിലൻസ് ഉൾപ്പെടെ വകുപ്പുതല നിരീക്ഷണങ്ങളിൽ കുറ്റക്കാരായി കണ്ടെത്തിയവർ എത്ര എന്നും ഇവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവരുന്നു എന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ? | (സി) | ഓരോ വകുപ്പിന്റെ കീഴിലുള്ള സെക്രട്ടേറിയറ്റ് ഇതര സർക്കാർ ഓഫീസുകളിൽ നിന്നും (ലഭ്യമായ 65 വകുപ്പുകളിൽ നിന്നുള്ള) തീർപ്പാക്കാനായുള്ള ഫയലുകളുടെ എണ്ണം അനുബന്ധമായി ചേർത്തിരിക്കുന്നു. ഡയറക്ടർ ഓഫ് പബ്ളിക് ഇൻസ്ട്രക്ഷൻ(DPI) വകുപ്പിൽ 2 ജീവനക്കാരെ സമയബന്ധിതമായി ഫയലുകളിൽ നടപടി സ്വീകരിക്കാത്തതിന്റെ പേരിൽ സസ്പെൻഡ് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | വിവിധ സർക്കാർ വകുപ്പുകൾ | തീർപ്പാക്കാനുള്ള ഫയലുകളുടെ വിവരം |
|---|---|---|
| 1 | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് | 29464 |
| 2 | പുരാവസ്തു | 2103 |
| 3 | പുരാരേഖ | 381 |
| 4 | കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി | ദീർഘകാലമായി കെട്ടിക്കിടക്കുന്ന ഫയലുകൾ ഇല്ല. |
| 5 | കോ-ഓപ്പറേറ്റീവ് ആഡിറ്റ് | 494 |
| 6 | കയർവികസനം | 6769 |
| 7 | സാംസ്കാരികം | 324 |
| 8 | ഡയറി ഡെവലപ്മെന്റ് | 3194 |
| 9 | ഡ്രഗ്സ് കൺട്രോൾ | 4168 |
| 10 | ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് | 1211 |
| 11 | ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് | 2454 |
| 12 | പരിസ്ഥിതി കാലാവസ്ഥാ വ്യതിയാനം | 5 |
| 13 | എക്സൈസ് | 28075 |
| 14 | ഫാക്ടറീസ് & ബോയിലേഴ്സ് | 10765 |
| 15 | ഫയർ & റസ്ക്യൂ സർവ്വീസ് | 1662 |
| 16 | മത്സ്യബന്ധനം | 12500 |
| 17 | ഹാർബർ എഞ്ചിനീയറിംഗ് | 14 |
| 18 | ആരോഗ്യസേവനം | 18194 |
| 19 | ഹോമിയോപ്പതി | 1127 |
| 20 | ഹൈഡ്രോഗ്രാഫിക് സർവ്വെവിംഗ് | 661 |
| 21 | ഇൻഡസ്ട്രിയൽ ട്രെയിനിംഗ് | 5703 |
| 22 | ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ (കോഴിക്കോട്) | 56 |
| 23 | ഇൻഡസ്ട്രീസ് & കൊമേഴ്സ് | 5635 |
| 24 | ലേബർ | 4222 |
| 25 | ലേബർ കോർട്ട്(കോഴിക്കോട്) | 53 |
| 26 | ലാന്റ് റവന്യൂ | 17531 |
| 27 | ലാന്റ് യൂസ്ബോർഡ് | 403 |
| 28 | ലീഗൽ മെട്രോളജി | 1555 |
| 29 | ലോക്കൽ ഫണ്ട് ആഡിറ്റ് | 9311 |
| 30 | മൈനിംഗ് & ജിയോളജി | 7260 |
| 31 | മോട്ടോർ വാഹനം | 36289 |

| | | |
|---|---|---|
| 32 | മ്യൂസിയം & സൂ | 13 |
| 33 | നാഷണൽ സേവിംഗ്സ് | 222 |
| 34 | എൻ.സി.സി (കെ.എൽ) | ഫയലുകൾ തീർപ്പാക്കാനില്ല. |
| 35 | പഞ്ചായത്ത് | 23432 |
| 36 | പോലീസ് (എച്ച്.ക്യൂ) | 16735 |
| 37 | തുറമുഖം | 2218 |
| 38 | പബ്ളിക്ക് ഇൻസ്ട്രക്ഷൻ | 21828 |
| 39 | പൊതുമരാമത്ത് (റോഡുകളും പാലങ്ങളും, അഡ്മിനിസ്ട്രേഷൻ) | 2047 |
| 40 | രജിസ്ട്രാർ, കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് | 16798 |
| 41 | രജിസ്ട്രേഷൻ | 9077 |
| 42 | സൈനികക്ഷേമം | ഫയലുകൾ തീർപ്പാക്കാനില്ല. |
| 43 | സോയിൽ സർവ്വെ & സോയിൽ കൺസർവേഷൻ | 4106 |
| 44 | കായിക യുവജനകാര്യം | 1184 |
| 45 | സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി | 493 |
| 46 | സ്റ്റേഷനറി | 6385 |
| 47 | സർവ്വെ & ലാന്റ് റിക്കോർഡ്സ് | 3771 |
| 48 | സാങ്കേതിക വിദ്യാഭ്യാസം | 456 |
| 49 | ടൗൺ & കൺട്രിപ്ലാനിംഗ് | 8506 |
| 50 | ട്രഷറീസ് | 1864 |
| 51 | നഗരകാര്യം | 1569 |
| 52 | വൊക്കേഷണൽ ഹയർസെക്കൻഡറി വിദ്യാഭ്യാസം | 1599 |
| 53 | വിജിലൻസ് & ആന്റീകറപ്ഷൻ | 13599 |
| 54 | ജലഗതാഗതം | 3032 |
| 55 | സിവിൽസപ്ലൈസ് | 8894 |
| 56 | വാണിജ്യ നികുതി | 29784 |
| 57 | ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസം | 259 |
| 58 | കോളേജ് വിദ്യാഭ്യാസം | 78 |
| 59 | ഹാന്റലൂം & ടെക്സ്റ്റൈൽസ് | 3816 |
| 60 | ഭവനനിർമ്മാണ ബോർഡ് | ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കിവരുന്നു. |
| 61 | ലാന്റ് ബോർഡ് | 6250 |
| 62 | പ്ലാനിംഗ് ബോർഡ് | 84 |
| 63 | പ്രിസൺസ് (എച്ച്.ക്യൂ) | 2664 |
| 64 | സാമൂഹ്യനീതി | 2041 |
| 65 | പിന്നോക്കസമുദായവികസനം | 254 |